പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 720 10.02.2016 - ൽ മറുപടിയ്ക്ക്

**അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
|---|---|
| (എ) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ സംവിധാനത്തിൽ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ 2012 ആഗസ്റ്റ് മാസം മൃതസഞ്ജീവനി എന്ന പദ്ധതിക്ക് തുടക്കമിട്ടു. ഈ പദ്ധതി പ്രകാരം കേരളത്തിൽ മസ്തിഷ്ക മരണാനന്തരം ലഭിക്കുന്ന അവയവങ്ങളാണ് ഇതിൽ രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് കിട്ടുന്നത്. ഈ പദ്ധതി വഴി അവയവം മാറ്റിവയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്യാവുന്നതാണ്. സർക്കാർ മെഡിക്കൽ കോളേജിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. ഇതിൽ കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. അവിടെ ശ്വാസകോശം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കും, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കും അനുമതി നൽകുകയും ആയതിനുള്ള എല്ലാ സജ്ജീകരണങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) കരൾ, വൃക്ക, കണ്ണ് തുടങ്ങിയ അവയവങ്ങൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ബി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ